പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5615 | 13.11.2019 ൽ മറുപടിക്ക്

# കാസർഗോഡ് ജനറൽ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ വിവിധ തരത്തിലുള്ള രോഗങ്ങൾ ബാധിച്ചെത്തുന്നവർക്ക് ഏതെല്ലാം ചികിത്സാ സംവിധാനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ജനറൽ മെഡിസിൻ, ജനറൽ സർജ്ജറി, ഗൈനക്, പീഡിയാട്രിക്, അനസ്തേഷ്യ, ഒഫ്ത്താൽമോളജി, ഇ.എൻ.ടി, സൈക്യാട്രി, ഓർത്തോ, ഡെർമറ്റോളജി, ഫിസിക്കൽ മെഡിസിൻ(പി.എം.ആർ).റെസ്പിറേറ്ററി മെഡിസിൻ, ദന്തൽ എന്നീ വിഭാഗങ്ങളിൽ ഒ.പി,ഐ.പി സേവനങ്ങൾ നൽകി വരുന്നു. ബ്ലഡ് ബാങ്ക്, ഡയാലിസിസ്,സി.ടി സ്കാൻ, എക്സ് റേ,വിവിധ ലാബ് സേവനങ്ങൾ എന്നിവയും ലഭ്യമാണ്.24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സംവിധാനത്തിന് പുറമേ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഡ്യൂട്ടി ഡോക്ടറുടെ സേവനവും ലഭ്യമാണ്. |
| (ബി) | ഈ സംവിധാനങ്ങൾ രോഗികൾക്ക് സൗജന്യമായിട്ടാണോ ലഭ്യമാകുന്നതെന്നും ഏതെങ്കിലും സേവനത്തിനും സംവിധാനത്തിനും പണം നൽകേണ്ടതുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | 18 വയസ്സിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, എ.എ.വൈ. കാർഡ് ഉള്ളവർ, കെ.എ.എസ്.പി. ഇൻഷുറൻസ് കാർഡുള്ളവർ എന്നിവർക്ക് സൗജന്യമായി സേവനങ്ങൾ നൽകി വരുന്നു. മറ്റുള്ളവർക്ക് ആശുപത്രി വികസന സമിതി നിശ്ചയിച്ച ചാർജ്ജുകൾ ഈടാക്കുന്നു. |
| (സി) | രോഗനിർണ്ണയത്തിനും തുടർന്നുള്ള ചികിത്സയ്ക്കും സി.ടി.സ്കാൻ എം.ആർ.ഐ തുടങ്ങിയ സംവിധാനങ്ങൾ പുറമെ നിന്ന് പ്രയോജനപ്പെടുത്താൻ സാമ്പത്തികശേഷിയില്ലാത്ത രോഗികൾക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ; | (സി) | അബോധാവസ്ഥയിൽ കൊണ്ടുവരുന്നവർ, അജ്ഞാതർ, തീരെ പണമില്ലാത്തവർ എന്നിവർക്ക് ആശുപത്രിയിൽ ലഭ്യമായ സി.ടിസ്കാൻ ഉൾപ്പെടെയുള്ള പരിശോധനകളും ചികിത്സയും തീർത്തും സൗജന്യമായി നൽകുന്നു. എം.ആർ.ഐ.സംവിധാനം നിലവിലില്ല. |
| (ഡി) | ചെറുതും വലുതുമായ രോഗങ്ങൾക്ക് പരിശോധനകളും ചികിത്സകളും സൗജന്യമായി രോഗികൾക്ക് ലഭ്യമാക്കുന്ന നിലയിൽ കാസർഗോഡ് ജനറൽ ആശുപത്രി എത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | മുഴുവൻ സേവനങ്ങളും സൗജന്യമായി നൽകുന്ന സ്ഥിതിയിൽ എത്തിയിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ ഏതെല്ലാം പരിശോധനകൾക്കും ചികിത്സയ്ക്കുമാണ് രോഗികൾ പുറമെയുള്ള കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നത്; ഇതിന് ശാശ്വതപരിഹാരം ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ഇ) | എം.ആർ.ഐ.സ്കാൻ, ബയോപ്സി പരിശോധന, കൾച്ചർ ആന്റ് സെൻസിറ്റിവിറ്റി ടെസ്റ്റ്, ഹോർമോൺ പരിശോധനകൾ എന്നിവയ്ക്ക് ഇതിനു പരിഹാരമായി കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. Microbiology lab തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ